## സർക്കുലർ

ഇന്ത്യ ആതിഥ്യം വഹിക്കുന്ന പ്രധാന കായിക മാമാങ്കമാണ് 2017 ഒക്ടോബർ 6 മുതൽ 28 വരെ നടക്കുന്ന ഫിഫ അണ്ടർ 17 വേൾഡ് കപ്പ് മത്സരങ്ങൾ. പ്രസ്തുത മത്സരങ്ങളുടെ ഒരു പ്രധാനവേദി കൊച്ചിയാണ്. വേൾഡ് കപ്പ് മത്സരങ്ങൾക്ക് സംസ്ഥാനത്തിന് വേണ്ട പ്രചരണം ലഭിക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും സംസ്ഥാന കായിക യുവജന കാര്യാലയത്തിന്റേയും നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും സംഘടനകളേയും സംയോജിപ്പിച്ചുകൊണ്ട് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണ് 'വൺ മില്യൺ ഗോൾ' കാമ്പയിൻ.

വൺ മില്യൺ ഗോൾ കാമ്പയിൻ എല്ലാ തലങ്ങളിലും വിജയ പ്രദമാക്കുവാൻ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

- 27 സെപ്റ്റംബർ 3.00 pm - 7.00 pm
- ഓരോ കോളേജിലും ഒരു ഗോൾ സെന്റർ എങ്കിലും പ്രവർത്തന സജ്ജമാക്കുകയും കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും സ്റ്റാഫുകളും നിശ്ചിത സമയത്തിനുള്ളിൽ ഗോൾ അടിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആവശ്യമായി വന്നാൽ പൊതുജനങ്ങൾക്കും ഗോൾ അടിക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
- വിദ്യാഭ്യാസ സ്ഥാപനത്തിലെ കായികാദ്ധ്യാപകൻ/എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ /ഗോൾ സ്കോറിംഗ് സെന്റർ നിയന്ത്രിക്കേണ്ടതാണ്.
- പഞ്ചായത്ത്/നഗരസഭ സംഘടിപ്പിയ്ക്കുന്ന ഇതുമായി ബന്ധപ്പെട്ട എല്ലാ മീറ്റിംഗുകളിലും, പരിശീലനത്തിലും, പരിപാടികളിലും അതിന്റെ പ്രചരണത്തിലും എൻ.എസ്.എസ് തുടങ്ങിയ എല്ലാ ഘടകത്തിന്റേയും സാന്നിധ്യം ഉറപ്പാക്കേണ്ടതാണ്.
- പി.ടി.എ യുടെ സഹകരണവും, രക്ഷകർത്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.
- <u>ഗോൾ പോസ്റ്റുകൾ</u>

  ലെവൻസ്

  സെവൻസ്, ഫൈവ്സ്

  (നിലവിലുള്ള ഗോൾ പോസ്റ്റുകളോ, താൽക്കാലികമായി ക്രമീകരിയ്ക്കുന്ന ഗോൾ പോസ്റ്റുകളോ ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്)
- <u>പങ്കാളിത്ത വിഭാഗവും രീതികളും</u>

  എല്ലാ വിഭാഗത്തിൽപ്പെടുന്നവർക്കും പ്രായഭേദമന്യേ ഈ കാമ്പയിനിൽ പങ്കെടുക്കാവുന്നതാണ്.

- ഒരുവ്യക്തിക്ക് ഒരുഗോൾ മാത്രമേ അനുവദിക്കാവൂ.
- ഗോൾ കീപ്പർ ഉണ്ടാകുന്നതല്ല.
- ഓരോ രജിസ്റ്റേർഡ് സെന്ററിലും ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്താൻ ഓരോ വോളന്റിയറിനെ ചുമതലപ്പെടുത്തേണ്ടതാണ്. (ഓരോ സെന്ററും വോളന്റിയറിനേയും രജിസ്റ്റർ ചെയ്യാൻ പ്രത്യേകം തയ്യാറാക്കിയ ആപ്ലിക്കേഷനിൽ സൗകര്യവും ലഭ്യമാണ്.
- സെപ്റ്റംബർ 20-നകം തന്നെ സെന്ററുകളുടേയും വോളന്റിയർമാരുടേയും വിവരം അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്ത സെന്ററുകളെയോ വോളന്റിയർ മാരെയോ പുരസ്കാര നടപടികൾക്കായി പരിഗണിക്കുന്നതല്ല)
- മൊബൈൽ ആപ്ലിക്കേഷനിലൂടെ ഗോളുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണ്.
- പെനാൽറ്റി സ്പോട്ടിൽ നിന്നാണ് കിക്കുകൾ എടുക്കേണ്ടത്.
- ഏറ്റവും കൂടുതൽ ഗോളുകൾ അടിയ്ക്കുന്ന സെന്ററുകൾക്ക് ഉപഹാരങ്ങൾ നൽകുന്നതാണ് .
- ഓരോ ജില്ലയിൽ നിന്നും വൺ മില്ല്യൺ ഗോൾ കാമ്പയിനിൽ പങ്കെടുത്ത് ഗോൾ അടിക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന 2 പേർക്ക് വീതം ഫിഫ അണ്ടർ 17 വേൾഡ് കപ്പിലെ കൊച്ചിയിൽ നടക്കുന്ന ഓരോ മത്സരം കാണാനുള്ള അവസരം നൽകുന്നതായിരിക്കും.
- ഓരോ ജില്ലയില്ലും വൺ മില്ല്യൺ ഗോൾ കാമ്പയിനുമായി ബന്ധപ്പെട്ട അധികാരികളുടെ വിവരം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങളും, ഓരോ ജില്ലയിലേയും ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങളും Onemilliongoal.sportfolio.in എന്ന സൈറ്റിൽ ലഭ്യമാണ്.

Shreeja P

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട് (എയ്ഡഡ് കോളജിനെ അറിയിക്കുന്നതിനായും)

വി.എസ്.23.09.2017

1959980
GOVERNMENT OF KERALA